**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 750** **14-10-2026-ൽ മറുപടിയ്ക്ക്**

**ചാലക്കുടി അതിരപ്പിള്ളി വെട്ടിവിട്ടക്കാട് ആദിവാസി ഉന്നതിയിൽ അടിസ്ഥാന സൗകര്യങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വെട്ടിവിട്ടക്കാട് ആദിവാസി ഉന്നതി നിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് വഴി സൗകര്യമില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**മറുപടി:** **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

**(ബി)** ചെങ്കുത്തായ കയറ്റങ്ങളും ഇറക്കങ്ങളുമുള്ള ചെറിയ നടപ്പാതയിലൂടെ കിലോമീറ്ററുകളോളം ചുമന്നാണ് രോഗികളെ ഉന്നതിയിൽ നിന്നും മലക്കപ്പാറയിൽ എത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**മറുപടി:** **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

**(സി)** വന്യമൃഗശല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം പ്രസ്തുത ഉന്നതിയിലെ കുടുംബങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

**മറുപടി:** റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിന് 15 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന തയ്യാറാക്കിയെങ്കിലും പദ്ധതി നടപ്പിലായിട്ടില്ല.

മലക്കപ്പാറ കേന്ദ്രീകരിച്ച് ആംബുലൻസ് സേവനം ലഭ്യമാക്കി വരുന്നുണ്ട്. റോഡ് സൗകര്യം പരിമിതമായ ടി സങ്കേതങ്ങളിൽ നിന്നുള്ളവർക്ക് കൂടി പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ആംബുലൻസ് സേവനം ഏർപ്പെടുത്തിയിട്ടുള്ളത്.

പട്ടിക വർഗ്ഗ വികസന വകുപ്പിൻ്റെ കോർപ്പസ് ഫണ്ടിൽ നിന്നും 92,46,000/- രൂപ വിനിയോഗിച്ച് ടി ഉന്നതിയിലേക്ക് വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്.

യാത്രാക്ലേശം കണക്കിലെടുത്ത് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ടി സങ്കേതത്തിലേക്ക് വാതിൽപ്പടി റേഷൻ വിതരണവും നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**